(ഡി) നാട്ടുകാരും പഞ്ചായത്തും കൂടി സ്ഥലം വാങ്ങി പണി നടത്തി കെ. എസ്.ആർ.ടി.സി.ക്ക് നൽകിയ പ്രസ്തുത ഡിപ്പോ തുറന്ന് പ്രവർത്തിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ല ദേശസാൽക്കൃത മേഖലയല്ല. എന്നിരുന്നാലും ഈ ജില്ലയിലെ പ്രധാനപ്പെട്ട റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് കിലോ മീറ്ററിന് 13 രൂപ 77 പൈസയാണ് വരുമാനമുള്ളത്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഓപ്പറേറ്റിംഗ് സെന്ററുകൾ നിറുത്തലാക്കാൻ ജി.ഒ.(ആർ.ടി.)നം.174/03/ ട്രാൻ. തീയതി 5-5-2003 പ്രകാരം സർക്കാരിൽ നിന്നും കിട്ടിയ നിർദ്ദേശപ്രകാരമാണ് നിറുത്തൽ ചെയ്തത്. ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ സൗകര്യപ്രദമായ മറ്റു യൂണിറ്റുകളിലേയ്ക്ക് മാറ്റുക മാത്രമേ ചെയ്തിരുന്നുള്ളൂ. ഈ നടപടിമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

(ഡി) 17-6-2003 മുതൽ വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിലെ സ്പെയർപാർട്ട്സ് ക്ഷാമം

66 (1265) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിലെ ആവശ്യത്തിന് സ്പെയർപാർട്ട്സ് നൽകാത്തതുമൂലം എത്ര ബസ്സുകളാണ് സർവ്വീസിന് ഉപയോഗിക്കാത്തത് ;

(ബി) ഇത്തരത്തിൽ സ്പെയർപാർട്ട്സ് ലഭ്യമല്ലാത്തതിനാൽ എത്ര സർവ്വീസുകൾ റദ്ദു ചെയ്തിട്ടുണ്ട് ;

(സി) സ്പെയർപാർട്ട്സ് ലഭ്യമാക്കി സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 18-6-2003-ലെ സ്ഥിതിയനുസരിച്ച് വിവിധ പണികൾക്കായി ആറു ബസ്സുകൾ ഡോക്കിലുണ്ടായിരുന്നു.

(ബി) സ്പെയർ പാർട്ട്സില്ലാതെ സർവ്വീസുകൾ റദ്ദു ചെയ്തിട്ടില്ല. എന്നാൽ വിവിധ പണികൾക്കായി ഡോക്കിൽ പിടിച്ചിട്ടതു കാരണം 8 സർവ്വീസുകൾ അത്തരം ദിവസങ്ങളിൽ റദ്ദു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്പെയർപാർട്ട്സുകളുടെ അഭാവംമൂലം സർവ്വീസ് ക്യാൻസലേഷൻ ഉണ്ടാകാതിരിക്കാൻ വേണ്ടത്ര ജാഗ്രത കെ.എസ്.ആർ.ടി.സി. പുലർത്തുന്നുണ്ട്.

പട്ടാമ്പി കെ.എസ്.ആർടി.സി. ബസ്സ്റ്റേഷൻ

67 (1266) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി കെ. എസ്. ആർ. ടി. സി. ബസ്സ്റ്റേഷൻ നിർത്തൽ ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബസ് സ്റ്റേഷൻ വീണ്ടു പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്ന നടപടികളുടെ ഭാഗമായി മറ്റു പല സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ നിർത്തലാക്കിയ കൂട്ടത്തിൽ പട്ടാമ്പി സ്റ്റേഷൻ മാസ്റ്റർ ഓഫീസും നിർത്തൽ ചെയ്യുകയുണ്ടായി.

(ബി) ഈ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിർത്തലാക്കിയെങ്കിലും, അത് സർവ്വീസ് ഓപ്പറേഷനെ ബാധിച്ചിട്ടില്ല. ഈ ഓഫീസ് പുനരാരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ചാലക്കുടി ഡിപ്പോയിൽ നിന്ന് റദ്ദുചെയ്ത ഷെഡ്യൂളുകൾ

68 (1267) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഡിപ്പോയിൽ നിന്നും പുറപ്പെടുന്ന എത്ര ഷെഡ്യൂളുകൾ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റദ്ദു ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഷെഡ്യൂളുകൾ റദ്ദു ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) അവ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 3 ഷെഡ്യൂളുകൾ

(ബി) ഓപ്പറേറ്റ് ചെയ്യപ്പെടാതെ രേഖകളിൽ മാത്രം നിലനിറുത്തി പോന്നിരുന്ന രണ്ട് ഷെഡ്യൂളുകളും തുടർച്ചയായി നഷ്ടത്തിൽ ഓടിക്കൊണ്ടിരുന്ന ഒരു ഷെഡ്യൂളുമാണ് റദ്ദു ചെയ്തത്.

(സി) ഈ ഷെഡ്യൂളുകൾ പുന:സ്ഥാപിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly